# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 മെയ് 12**

---

## എംഎസ്സി ഇൻഡസ്ട്രിയൽ പോളിമെർ സയൻസ് ആന്റ് ടെക്നോളജി; ഇപ്പോൾ അപേക്ഷിക്കാം

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് പോളിമെർ സയൻസ് ആന്റ് ടെക്നോളജിയിൽ എംഎസ്സി ഇൻഡസ്ട്രിയൽ പോളിമെർ സയൻസ് ആന്റ് ടെക്നോളജി പ്രോഗ്രാമിന് ഇപ്പോൾ അപേക്ഷ സമർപ്പിക്കാം. കെമിസ്ട്രി, ലൈഫ് സയൻസ്, കമ്പ്യൂട്ടർ സയൻസ്, ഫിസിക്സ്, മാത്തമാറ്റിക്സ് അല്ലെങ്കിൽ അനുബന്ധ വിഷയങ്ങളിൽ അൻപതു ശതമാനം മാർക്കോടെ ബിരുദം നേടിയവരെയാണ് പരിഗണിക്കുന്നത്.*

*പോളിമെർ എൻജിനീയറിംഗ്, പോളിമെർ ടെക്നോളജി, നാനോസയൻസ്, നാനോ ടെക്നോളജി, കെമിക്കൽ എൻജിനീയറിംഗ്, കെമിക്കൽ ടെക്നോളജി, ഇലക്ട്രോണിക്സ് ആന്റ് കമ്യൂണിക്കേഷൻ, ബയോ ടെക്നോളജി, മെറ്റീരിയൽ സയൻസ്, മെക്കാനിക്കൽ എൻജിനീയറിംഗ് എന്നിവയിലോ അനുബന്ധ വിഷയങ്ങളിലോ ബിടെക് യോഗ്യതയുള്ളവർക്കും അപേക്ഷിക്കാം.*

*വ്യവസായ, ഗവേഷണ മേഖലകളിലെ സാധ്യതകൾ മുന്നിൽ കണ്ടു തയ്യാറാക്കിയ പാഠ്യപദ്ധതി, ഗവേഷണത്തിനുള്ള അവസരം, അക്കാദമിക്-വ്യവസായ മേഖലകളിൽ വൈദഗ്ധ്യമുള്ള അധ്യാപകർ, ഇന്ത്യയിലോ വിദേശത്തോ ആറു മാസത്തെ ഇന്റേൺഷിപ്പ് എന്നിവ പ്രോഗ്രാമിന്റെ സവിശേഷതകളാണ്.*

cat.mgu.ac.in *വഴി മെയ് 20 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾ 8075696733, 7012743793, 9995392693, 9446866088, 0481 2731669 എന്നി ഫോൺ നമ്പരുകളിൽ ലഭിക്കും. ഇമെയിൽ* spst@mgu.ac.in

*(പി.ആർ.ഒ/39/1544/2025)*

## എം എ ഡവലപ്മെന്റ് സ്റ്റഡീസ്, ഗാന്ധിയൻ സ്റ്റഡീസ്

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ പഠന വകുപ്പായ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡവലപ്മെന്റ് സ്റ്റഡീസിൽ എംഎ ഡവലപ്മെന്റ് സ്റ്റഡീസ്, ഗാന്ധിയൻ സ്റ്റഡീസ് പ്രോഗ്രാമുകളിൽ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു.*

*എംഎ ഡവലപ്മെന്റ് സ്റ്റഡീസ്, എംഎ ഇക്കണോമിക്സിന് തത്തുല്യമായി അംഗീകരിച്ചിട്ടുണ്ട്. ഏതെങ്കിലും വിഷയത്തിൽ 45* ശതമാനത്തിൽ കുറയാത്ത മാർക്കോടെ *ബിരുദം നേടിയവർക്ക് അപേക്ഷിക്കാം. മെയ് 31 ന് സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ നടക്കുന്ന പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം. അവസാന വർഷ ഫലം കാത്തിരിക്കുന്നവക്കും അപേക്ഷിക്കാം. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ(*sgtds.mgu.ac.in). *ഫോൺ 9447675755*

*(പി.ആർ.ഒ/39/1545/2025)*

## പരീക്ഷാ ഫലം

*ഒന്നാം സെമസ്റ്റർ മാസ്റ്റർ ഇൻ ജേർണലിസം ആന്റ് മാസ്സ് കമ്യൂണിക്കേഷൻ (പിജിസിഎസ്എസ് 2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് ഡിസംബർ 2024) പരീക്ഷ കളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധന യ്ക്കും മെയ് 23 വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ* studentportal.mgu.ac.in *എന്ന ലിങ്കിൽ.*

............................

*ഒന്നാം സെമസ്റ്റർ എംഎസ്സി സൈക്കോളജി (പിജിസിഎസ്എസ് 2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് ഡിസംബർ 2024) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും മെയ് 23 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

............................

*ഒന്നും രണ്ടും സെമസ്റ്റർ എംഎ ഇക്കണോമിക്സ് പ്രൈവറ്റ് രജിസ്ട്രേഷൻ (2018 അഡ്മിഷൻ സപ്ലിമെന്ററി, 2016, 2017 അഡ്മിഷനുകൾ ആദ്യ മെഴ്സി ചാൻസ്, 2015 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2014 അഡ്മിഷൻ അവസാന മെഴ്സി ചാൻസ് ഓഗസ്റ്റ് 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യ*

*നിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും മെയ് 23 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1546/2025)*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*നാലാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എംഎസ്സി, എംഎ (പുതിയ സ്കീം – 2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റും, സപ്ലിമെന്ററിയും, 2020, 2021 അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷകൾക്ക് മെയ് 16 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി മെയ് 17 വരെയും സൂപ്പർ ഫൈനോടുകൂടി മെയ് 19 വരെയും അപേക്ഷ സ്വീകരിക്കും.*

............................

*നാലാം സെമസ്റ്റർ ഐഎംസിഎ (2023 അഡ്മിഷൻ റഗുലർ, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്), നാലാം സെമസ്റ്റർ ഡിഡിഎംസിഎ (2015, 2016 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് മെയ് 16 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി മെയ് 17 വരെയും സൂപ്പർ ഫൈനോടുകൂടി മെയ് 19 വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/1547/2025)*

## പരീക്ഷാ തീയതി

*മൂന്നാം സെമസ്റ്റർ എംബിഎ (2023 അഡ്മിഷൻ തോറ്റവർക്കുള്ള സ്പെഷ്യൽ റീഅപ്പിയറൻസ്) പരീക്ഷകൾ മെയ് 19 മുതൽ നടക്കും.*

............................

*രണ്ടാം സെമസ്റ്റർ എംഎ എച്ച്ആർഎം (2024 അഡ്മിഷൻ റെഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2021 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി), എംഎച്ച്ആർഎം (2020 അഡ്മിഷൻ സപ്ലിമെന്ററി, 2019 ആദ്യ മെഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) പരീക്ഷകൾ മെയ് 28 മുതൽ നടക്കും.*

............................

*മൂന്നാം സെമസ്റ്റർ എംഎ, എംഎസ്ഡബ്ല്യൂ, എംഎ ജെഎംസി, എംഎച്ച്എം, എംടിടി എം, എംഎൽഐഎസ്സി, എംഎസ്സി, എംകോം (സിഎസ്എസ് 2023 അഡ്മിഷൻ തോറ്റവർക്കുള്ള സ്പെഷ്യൽ റീഅപ്പിയറൻസ്) പരീക്ഷകൾ മെയ് 19 മുതൽ നടക്കും.*

............................

*മൂന്നാം സെമസ്റ്റർ എംഎ, എംഎസ്സി, എംകോം, (സിഎസ്എസ് 2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് പ്രൈവറ്റ് രജിസ്ട്രേഷൻ മാർച്ച് 2025) പരീക്ഷകൾ മെയ് 19 മുതൽ നടക്കും.*

*(പി.ആർ.ഒ/39/1548/2025)*

## പ്രാക്ടിക്കൽ

*നാലാം സെമസ്റ്റർ ബിഎ മൃദംഗം (സിബിസിഎസ് പുതിയ സ്കീം 2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്) പ്രാക്ടിക്കൽ പരീക്ഷകൾ മെയ് 14,15 തീയതികളിലും, ബിഎ മ്യൂസിക് വീണ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ യഥാക്രമം മെയ് 20,21, 22 തീയതികളിലും തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1549/2025)*

## വൈവ വോസി

*പത്താം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എംഎസ്സി ഇൻ ബേസിക് സയൻസ് സ്റ്റാറ്റിസ്റ്റിക്സ് (പുതിയ സ്കീം - 2020 അഡ്മിഷൻ റഗുലർ ഏപ്രിൽ 2025) പരീക്ഷയുടെ പ്രൊജക്റ്റ് വൈവ വോസി പരീക്ഷകൾ മെയ് 14ന് മാലിയങ്കര എസ്എൻഎം കോളേജിൽ നടക്കും.*

*(പി.ആർ.ഒ/39/1550/2025)*

പബ്ലിക് റിലേഷൻസ് ഓഫീസർ